**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2270** **09.12.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരളത്തിലേയ്ക്ക് വൈദ്യുതി ലൈനുകൾ അനുവദിക്കുന്നതിന് കേന്ദ്ര റഗുലേറ്ററി കമ്മീഷൻ അറിയിച്ചിരിക്കുന്ന പ്രധാന തടസ്സങ്ങൾ വ്യക്തമാക്കാമോ ; കേരളത്തിന് അനുകൂലമായ തീരുമാനങ്ങൾ റഗുലേറ്ററി കമ്മീഷനിൽ നിന്നും ഉണ്ടായിട്ടുണ്ടോ ; | (എ) കേരളത്തിലേക്ക് വൈദ്യുതി ലൈനുകൾ അനുവദിക്കുന്നത് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അല്ല. എന്നാൽ കേരളത്തിനകത്തു കൂടിയുള്ള ഒരു ലൈനിനെ സംബന്ധിച്ചുള്ള പരാതി പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര റഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.<br><br>കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതമായ 133 MW കൊണ്ടു വരുന്നതിനു വേണ്ടിയാണ് ഇടമൺ - മൂവാറ്റുപുഴ 400 കെ.വി. ലൈൻ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ഈ ലൈനിന്റെ പണി മാർച്ച് 2012 ഓടു കൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും തദ്ദേശവാസികളുടെ കടുത്ത എതിർപ്പും കോടതി കേസുകൾ മൂലവും നാളിതുവരെ ഈ ലൈനിന്റെ പണികൾ പൂർത്തിയാക്കുവാൻ പവർഗ്രിഡ് കോർപ്പറേഷന് കഴിഞ്ഞിട്ടില്ല.<br><br>പ്രസ്തുത ലൈൻ കടന്നുപോകുന്ന പ്രദേശത്തിലെ സ്ഥലവാസികൾക്ക് കൂടിയ നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ അനുവദിക്കുന്നതു സംബന്ധിച്ച തർക്കം പരിഹരിക്കണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ ഹർജി (നമ്പർ. എം. പി. 083/2014) സമർപ്പിച്ചിട്ടുള്ളത്.<br><br>കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ പരാതിയുടെ മേൽ അന്തിമ തീരുമാനം ഇതുവരെ |

(ബി) വൈദ്യുതി ലൈനുകൾ സംബന്ധിച്ച് ഇലക്ട്രിസറ്റി അപ്പലേറ്റ് ട്രൈബ്യൂണലിൽ കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടോ ; ഈ കേസ്സിൻെറ വിശദാംശങ്ങൾ അറിയിക്കാമോ ; കേസ്സുകൾ വേഗത്തിൽ തീർപ്പുകല്പിച്ച് കേരളത്തിൻെറ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) ഇല്ല.

സെക്ഷൻ ഓഫീസർ.